**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച ലഭ്യമാക്കാമോ; ഇവയിൽ എല്ലാ ഒഴിവുകളും പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്ര; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടോ ; എങ്കിൽ എത്ര ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമാക്കാമോ; | (എ) | 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണം **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>തസ്തികമാറ്റ നിയമനം, ആശ്രിത നിയമനം എന്നിവയ്ക്കായി നീക്കി വെച്ചതിനുശേഷം ഉള്ള എല്ലാ ഒഴിവുകളും സർവകലാശാല പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം 10 ഒഴിവുകളാണ് മേൽ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ ഈ കാലയളവിൽ അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകളാണ് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗങ്ങളിലേക്കായി മാറ്റിവെക്കപ്പെട്ടിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ബൈട്രൻസ്ഫർ - 7 |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച ലഭ്യമാക്കാമോ; ഇവയിൽ എത്ര എണ്ണം ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവക്കായി മാറ്റിവയ്ക്കും എന്നറിയിക്കാമോ; | (സി) | 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം **അനുബന്ധം 2** ആയി ചേർക്കുന്നു.<br><br>ഇവയിൽ നിന്ന്, നിലവിൽ ഒഴിവുകൾ മാറ്റിവച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത സർവകലാശാലയിൽ താഴ്ന്ന തസ്തികകളിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളുടേയും കാറ്റഗറി മാറ്റം മുഖേന ഉള്ള നിയമനങ്ങളുടെയും ശതമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഏത് ഗവൺമെന്റ് റൂൾ/ഓർഡർ പ്രകാരമാണ് പ്രസ്തുത ശതമാനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ? | (ഡി) | താഴ്ന്ന വരുമാനമുള്ള തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം- എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ 4% തസ്തികകൾ<br><br>ഇതിലേയ്ക്ക്, GO(MS) No.31/06/GAD തീയതി 25.01.2006, GO(MS) No.196/2010/GAD തീയതി 17.05.2010 എന്നീ സർക്കാർ ഉത്തരവുകൾ, സിൻഡിക്കേറ്റ് തീരുമാന പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം- എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ 10% തസ്തികകൾ<br><br>G.O (P) No.199/2007/GAD തീയതി 17.03.2007, G.O (P) No.65/2011/GAD തീയതി 28.02.2011 എന്നീ സർക്കാർ ഉത്തരവുകൾ, സിൻഡിക്കേറ്റ് തീരുമാന പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| മാസം/വർഷം | ഒഴിവുകളുടെ എണ്ണം. |
|---|---|
| ജനുവരി 1, 2024 | 1 |
| ഫെബ്രുവരി 1, 2024 | 1 |
| മാർച്ച് 1, 2024 | 1 |
| ഏപ്രിൽ 1, 2024 | 1 |
| മെയ് 1, 2024 | 2 |
| ജൂൺ 1, 2024 | 10 |
| നവംബർ 1, 2024 | 1 |
| ഡിസംബർ 1, 2024 | 1 |
| ഡിസംബർ 18, 2024 | 1 |

തസ്തിക മാറ്റം നിയമനം, ആശ്രിത നിയമനം എന്നിവയ്ക്കായി നീക്കി വച്ചതിനു ശേഷമുള്ള എല്ലാ ഒഴിവുകളും പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് ചെയ്ത ഒഴിവുകൾ - 10

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

| മാസം/വർഷം | ഒഴിവുകളുടെ എണ്ണം. |
|---|---|
| ജനുവരി 1, 2026 | 2 |
| മാർച്ച് 1, 2026 | 1 |
| ഏപ്രിൽ 1, 2026 | 1 |
| ജൂൺ 1, 2026 | 3 |

നിലവിൽ മേൽ ഒഴിവുകളൊന്നും തന്നെ മാറ്റിവയ്ക്കപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ